# Deepika

## 10 August 2018

## Thiruvananthapuram, Rain Havoc, Flood, Rescue Operation, Army

# കെടുതിപ്രദേശങ്ങളിൽ സൈന്യമെത്തി, ദുരന്തനിവാരണ പ്രവർത്തനം തുടങ്ങി

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം:** കാലവർഷക്കെടുതി നേരിടുന്ന പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനത്തിനു സൈന്യം എത്തി, ദുരന്ത നിവാരണ പ്രവർത്തനം ആരംഭിച്ചതായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ രാത്രി ചേർന്ന ഉന്നതതല യോഗം വിലയിരുത്തി.

ഒറ്റപ്പെട്ട വയനാട്ടിൽ ദേശീയ ദുരന്ത പ്രതികരണ സേനയുടെ ഒരു സംഘത്തെ ഹെലികോപ്റ്റർ മുഖേന എത്തിച്ചു. 15 അംഗങ്ങളാണ് സംഘത്തിലുള്ളത്. ദേശീയ ദുരന്ത പ്രതികരണ സേനയുടെ മൂന്ന് അംഗ സംഘം കോഴിക്കോട് വിമാനത്താവളത്തിൽ എത്തി.

ഇവരിൽ 48 പേരടങ്ങുന്ന സംഘം ഇന്നു രാവിലെ വയനാട്ടിലെത്തും. 28 പേരടങ്ങുന്ന ഒരു സംഘം മലപ്പുറത്തും 28 പേരടങ്ങുന്ന മറ്റൊരു സംഘം കോഴിക്കോടും രക്ഷാ പ്രവർത്തനം നടത്തും. 48 പേരടങ്ങുന്ന മറ്റൊരു സംഘം നിലവിൽ കോഴിക്കോട് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്.

രാത്രിയോടെ ദേശീയ ദുരന്ത പ്രതികരണ സേനയുടെ മൂന്ന് സംഘങ്ങൾ പാലക്കാട് എത്തി. ഇവരിൽ 28 പേരടങ്ങുന്ന ഒരു സംഘം പാലക്കാട്ടു പ്രവർത്തിക്കും. 48 പേരടങ്ങുന്ന മറ്റൊരു സംഘം ഇടുക്കിയിലേക്ക് പോകും.

കണ്ണൂരിൽ നിന്നും കരസേനയുടെ ഒരു സംഘം പെരിയ ചുരം വഴി വയനാട്ടിലേക്ക് തിരിച്ചു. പോകുന്ന പാതയിലെ തടസങ്ങൾ നീക്കിയാണ് ഈ സംഘം വയനാട്ടിൽ എത്തുന്നത്.

കണ്ണൂരിലും മലപ്പുറത്തും നിലവിൽ കരസേനയുടെ ഓരോ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നേവിയുടെ 15 പേരടങ്ങുന്ന സംഘം നിലവിൽ മലപ്പുറത്തുണ്ട്. അഞ്ചു പേർ വയനാട്ടിലും എത്തിയിട്ടുണ്ട്. ഏഴിമല നാവിക അക്കാദമിയിൽ നിന്നും ഒരു ടീം വയനാട്ടിലേക്ക് പുറപ്പെട്ടു.

കരസേനയുടെ മിലിട്ടറി എൻജിനിയറിംഗ് ഗ്രൂപ്പ് രാത്രിയോടെ കോഴിക്കോട് എത്തി. 34 പേരടങ്ങുന്ന സംഘം 6 ബൗട്ടുകളും 5 ബൗസറുകളുമായാണ് സംഘം എത്തിയത്. ഈ സംഘം മലപ്പുറത്തും കോഴിക്കോടും ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട ദുരന്തപ്രദേശങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തും. മറ്റൊരു സംഘം രാത്രിയോടെ കോയമ്പത്തൂരിൽ എത്തി. ഇന്നു പകൽ വയനാട്ടിലേക്ക് ചുരം മാർഗം എത്തും.

ഒറ്റപ്പെട്ട വയനാട് ജില്ലയിൽ ഇന്ത്യൻ എയർഫോഴ്സിന്റെ ഹെലികോപ്റ്ററിൽ ഇന്നലെ രാത്രിയോടെ ദേശീയ ദുരന്ത നിവാരണ സേനയെത്തി. അസിസ്റ്റന്റ് കമാൻഡർ ബാലുവിന്റെ നേതൃത്വത്തിലുള്ള 15 അംഗ സംഘമാണ് എത്തിയത്. ബാക്കിയുള്ള ടീം ഇന്നു ജില്ലയിലെത്തി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

കരസേനയുടെ എൻജിനിയറിംഗ് വിഭാഗത്തിലെ മൂന്നാമത്തെ സംഘം സെക്കന്തരാബാദിൽനിന്ന് എറണാകുളത്ത് എത്തും. ഇവർ ഇടുക്കിയിൽ രക്ഷാപ്രവർത്തനത്തെ സഹായിക്കും. എയർ ഫോഴ്സ്, കോസ്റ്റ് ഗാർഡ്, നേവി എന്നിവയുടെ ഹെലികോപ്റ്ററും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യമെങ്കിൽ കൂടുതൽ സേനയും വിമാനവും ലഭ്യമാകുമെന്നും സർക്കാരിന് ഉറപ്പു ലഭിച്ചിട്ടുണ്ട്.

ദേശീയ ദുരന്തപ്രതികരണ സേനയുടെ ദക്ഷിണമേഖലാ കമാൻഡന്റ് രേഖാ നമ്പ്യാർ തിരുവനന്തപുരത്ത് എത്തി പ്രവർത്തനം ഏകോപിപ്പിക്കും. ആവശ്യാനുസരണം ബുൾഡോസർ, ജനറേറ്റർ, ലൈറ്റ് എന്നിവ വാടകക്കെടുത്ത് വിനിയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി.

എണ്ണായിരത്തോളം പേരെ ഇതുവരെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. പ്രായമായവർ, രോഗമുള്ളവർ, അംഗപരിമിതർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകാൻ മുഖ്യമന്ത്രി നിർദേശം നൽകി.